**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1201** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഒരാടംപാലം-മാനത്തുമംഗലം ബൈപ്പാസിന്റെ റയിൽവേ മേൽപ്പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന ഒരാടംപാലം-മാനത്തുമംഗലം ബൈപ്പാസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റയിൽവേ മേൽപ്പാലം നിർമ്മിയ്ക്കുന്നതിനുള്ള പി & ഇ ചാർജ്ജ് ഒടുക്കിയതിനുശേഷം നിർമ്മാണത്തിലുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ; | (എ) | GAD (ജനറൽ അലൈൻമെന്റ് ഡ്രോയിംഗ്) ലഭിക്കുന്നതിനുവേണ്ടി സതേൺ റയിൽവേക്ക് P&E ചാർജ്ജ് ഇനത്തിൽ 16,23,800/- രൂപ അടച്ചിട്ടുണ്ട്. റെയിൽവേയുടെ GAD ലഭിച്ചതിന് ശേഷം മാത്രമേ മറ്റു അനുബന്ധ രൂപ രേഖകൾ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ റയിൽവേ GAD ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിന്റെ നിലവിലത്തെ സ്ഥിതി വ്യക്തമാക്കുമോ; | (ബി) | സ്ഥലം ഏറ്റെടുക്കുന്നതിനായി BTR ഉം ഭരണാനുമതിയും ചേർത്തുകൊണ്ട് ലാന്റ് അക്വിസിഷൻ ഫോം കലക്ടറേറ്റിലേക്ക് സമർപ്പിച്ചിരുന്നെങ്കിലും ഭൂമി ഏറ്റെടുക്ക- ന്നതിനുള്ള 2013-ന് ശേഷമുള്ള ഭരണാനുമതി, BTR എന്നിവ ഉൾപ്പെടുത്താത്തതിനാൽ അപേക്ഷ തള്ളുകയാണ് ഉണ്ടായത്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള 2013-ന് ശേഷമുള്ള ഭരണാനുമതി ലഭിക്കുന്നതിന് 25/09/2021 തീയതിയിൽ റോഡ്സ് വിഭാഗം സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ഫണ്ടിന്റെ ലഭ്യത, ശീർഷകം എന്നിവ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ത്വരിതഗതിയിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; പദ്ധതി പൂർത്തീകരിയ്ക്കാൻ ഉദ്ദേശിച്ചിട്ടുള്ള സമയപരിധി അറിയിയ്ക്കുമോ? | (സി) | ROB യുടെ ഉയരം ഏകദേശം 17 മീറ്ററോളം വരുന്നുണ്ട്. ഇത് കാരണം അധിക സ്ഥലം ആവശ്യമുള്ളതായി വരുന്നതും അപ്രോച്ച് റോഡുമായി ബന്ധിപ്പിക്കുന്നതിന് പാലം സ്പാനുകൾ ആവശ്യമായി വരുന്നതാണ്. 26.11.2021 തിയതിയിൽ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മലപ്പുറം ജില്ലാ DICC മീറ്റിംഗിൽ ഇക്കാര്യം പരിഗണിക്കുകയും ഈ പദ്ധതി ആർ.ബി.ഡി.സി.കെ-യെ കൊണ്ട് നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാൻ തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ